**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - വയലാർ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഗവ.ഐ.ടി.ഐ യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വാങ്ങിയിട്ടുള്ള 50 സെന്റ് സ്ഥലം വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടു നൽകുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.2758/17/ത.സ്വ.ഭ.വ　　　　　　　　തിരുവനന്തപുരം, തീയതി, 08.08.2017

---

പരാമർശം - 1) വയലാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 31.03.2017 ലെ 1(1)-ാം നമ്പർ തീരുമാനം
2) വയലാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 18/04/2017 ലെ സി8 - 2041/14 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ വയലാർ പഞ്ചായത്തിലെ 12-ാം വാർഡിൽ സർവ്വേ നം.170/5 ൽ പ്പെട്ട പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം സർക്കാർ ഐ.ടി.ഐ യ്ക്കായി വ്യവസായിക പരിശീലന വകുപ്പിന് വിട്ടുനൽകുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ആയതിന് സർക്കാർ അനുമതി നൽകുന്നതിന് വയലാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം അപേക്ഷിക്കുകയും ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, വയലാർ പഞ്ചായത്തിലെ 12-ാം വാർഡിൽ സർവ്വേ നം.170/5 ൽ പ്പെട്ട പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം സർക്കാർ ഐ.ടി.ഐ യ്ക്കായി വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടു നൽകുന്നതിന്, കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം, വയലാർ ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
മുഹമ്മദ് റിയാസ്
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, വയലാർ ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ